✎ ടി.കെ ഉബൈദ്



# 1174

# സൂറ–41 / ഹാമീം അസ്സജദ – ഫുസ്സ്വിലത്

## സൂക്തം: 48–51

സത്യധർമങ്ങൾ നിഷേധിച്ചു വാണ ആളുകൾ യഥാർഥത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്നതും അതിന്റെ പ്രചോദനവും ലക്ഷ്യവും എന്തായിരുന്നുവെന്ന് ഉയിർത്തെഴുന്നേൽപുനാളിൽ അല്ലാഹു അവർക്കു വിശദീകരിച്ചുകൊടുക്കും. അപ്പോൾ അതൊന്നും നിഷേധിക്കാനോ നിരപരാധിത്വം ബോധിപ്പിക്കാനോ ആർക്കുമാവില്ല. അനന്തരം അല്ലാഹു അവരെ വളരെ കൊടൂരമായി ശിക്ഷിക്കുകയും ചെയ്യും.

وَضَلَّ عَنۡهُم مَّا كَانُواْ يَدۡعُونَ مِن قَبۡلُۖ وَظَنُّواْ مَا لَهُم مِّن مَّحِيصٖ ﴿٤٨﴾

48. അവർ ഇഹലോകത്ത് പ്രാർഥിച്ചിരുന്ന ദൈവങ്ങളൊക്കെയും അപ്രത്യക്ഷമാവുകയും തങ്ങൾക്ക് ഇനി യാതൊരു രക്ഷാമാർഗവുമില്ലെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു.

### 48

وَضَلَّ عَنۡهُم = അവരിൽനിന്ന് വഴിമാറിപ്പോയി, അപ്രത്യക്ഷമായി

مَّا كَانُوا يَدۡعُونَ مِن قَبۡلُ = (ന്ന ദൈവങ്ങളൊക്കെയും) മുമ്പ് (ഇഹലോകത്ത്) അവർ ആരാധിച്ചിരുന്നത്

وَظَنُّوا = അവർ കരുതി (മനസ്സിലാക്കുകയും ചെയ്തു) مَا لَهُم = തങ്ങൾക്ക് (ഇനി) ഇല്ല(എന്ന്)

مِّن مَّحِيصٍ = യാതൊരു രക്ഷാമാർഗവും

യഥാർഥ ദൈവിക-ധാർമിക പാഠങ്ങളൊക്കെയും വിസ്മരിച്ചുകൊണ്ട് മിഥ്യാ ദൈവങ്ങളിൽ പ്രതീക്ഷയർപ്പിച്ച് അവരെ ആരാധിച്ചു ജീവിച്ചവർ മരണാനന്തരം വിചാരണാസഭയിലെത്തുമ്പോൾ തങ്ങളുടെ രക്ഷകരായി അവതരിക്കുമെന്ന് വിശ്വസിച്ചിരുന്നവരെ രക്ഷിക്കാൻ അവിടെ ആരെയും അവർ കാണുകയില്ല. ഇഹലോകത്തായിരുന്നപ്പോൾ വിശ്വസിച്ചിരുന്നതൊക്കെയും വ്യാമോഹങ്ങളായിരുന്നുവെന്നും തങ്ങളിപ്പോൾ ദൈവദൂതന്മാർ മുന്നറിയിപ്പു നൽകിയിട്ടുണ്ടായിരുന്ന

പരലോക ശിക്ഷയുടെ മുന്നിലെത്തിയിരിക്കുകയാണെന്നും അതിൽനിന്ന് രക്ഷപ്പെടാൻ ഒരുപായവും മുന്നിലില്ലെന്നും അവിശ്വാസികൾക്ക് ഉറപ്പാകുന്നു. ظَنّ-ന്റെ ഭാഷാർഥം, തോന്നൽ, വിചാരം എന്നാണെങ്കിലും ഭാവി-വർത്തമാനങ്ങളിൽ സംഭവിക്കുന്നതിനെക്കുറിച്ചുള്ള ഉറച്ച ബോധ്യത്തെയും ظَنّ എന്നു പറയും. 69:20-ൽ إِنِّي ظَنَنتُ أَنِّي مُلَاقٍ حِسَابِيَهْ -ഞാൻ എന്റെ വിചാരണയെ നേരിടേണ്ടവനാകുന്നു- എന്നു പറഞ്ഞിട്ടുള്ളത് ഉദാഹരണമാകുന്നു. ●

---

لَّا يَسْـَٔمُ ٱلْإِنسَـٰنُ مِن دُعَآءِ ٱلْخَيْرِ وَإِن مَّسَّهُ ٱلشَّرُّ فَيَـُٔوسٌ قَنُوطٌ ﴿٤٩﴾

وَلَئِنْ أَذَقْنَـٰهُ رَحْمَةً مِّنَّا مِنۢ بَعْدِ ضَرَّآءَ مَسَّتْهُ لَيَقُولَنَّ هَـٰذَا لِى وَمَآ أَظُنُّ ٱلسَّاعَةَ قَآئِمَةً وَلَئِن رُّجِعْتُ إِلَىٰ رَبِّىٓ إِنَّ لِى عِندَهُۥ لَلْحُسْنَىٰ ۚ فَلَنُنَبِّئَنَّ ٱلَّذِينَ كَفَرُوا۟ بِمَا عَمِلُوا۟ وَلَنُذِيقَنَّهُم مِّنْ عَذَابٍ غَلِيظٍ ﴿٥٠﴾

49. സൗഭാഗ്യം തേടുന്നതിൽ ഈ മനുഷ്യൻ മടുക്കുന്നില്ല. ദൗർഭാഗ്യം ബാധിച്ചാലോ, അവൻ പരമനിരാശനും നിസ്സഹായനുമായി ഭവിക്കുന്നു.

50. എന്നാൽ, ദുരിതബാധക്കുശേഷം നാം നമ്മുടെ കാരുണ്യം രുചിപ്പിക്കുകയാണെങ്കിൽ തീർച്ചയായും അവൻ ഘോഷിക്കുകയായി: ഇതു ഞാൻ അർഹിക്കുന്നതും അവകാശപ്പെട്ടതും തന്നെയാകുന്നു. ഉയിർത്തെഴുന്നേൽപ് സംഭവിക്കുമെന്ന് ഞാൻ കരുതുന്നില്ല. അഥവാ, ഞാൻ വിധാതാവിങ്കലേക്ക് തിരിച്ചയക്കപ്പെട്ടാൽ തന്നെ അവങ്കലും ഏറ്റം വിശിഷ്ടമായ പരിണതി തന്നെയാണ് എനിക്കുണ്ടാവുക. സത്യ-ധർമങ്ങൾ നിഷേധിച്ചവർ ഭൗതിക ജീവിതത്തിൽ എന്താണ് പ്രവർത്തിച്ചിരുന്നതെന്ന് അപ്പോൾ നാം അവർക്കു പറഞ്ഞുകൊടുക്കുന്നു. അതിരൂക്ഷമായ ശിക്ഷ രുചിപ്പിക്കുകയും ചെയ്യുന്നു.

**49,50**

لَّا يَسْأَمُ الْإِنسَانُ = മനുഷ്യൻ മടുക്കുന്നില്ല
مِن دُعَاءِ الْخَيْرِ = നന്മ, സൗഭാഗ്യം തേടുന്നതിൽ
وَإِن مَّسَّهُ الشَّرُّ = തിന്മ, ദൗർഭാഗ്യം തൊട്ടാൽ (ബാധിച്ചാലോ)
فَيَئُوسٌ قَنُوطٌ = അപ്പോൾ അവൻ പരമനിരാശനും നിസ്സഹായനുമാകുന്നു
وَلَئِنْ أَذَقْنَاهُ = (എന്നാൽ) നാം അവനെ രുചിപ്പിക്കുകയാണെങ്കിൽ
رَحْمَةً مِّنَّا = നമ്മുടെ പക്കൽനിന്നുള്ള കാരുണ്യം
مِن بَعْدِ ضَرَّاءَ مَسَّتْهُ = അവനെ തൊട്ട പീഡക്ക് (ദുരിതബാധക്കു) ശേഷം
لَيَقُولَنَّ = തീർച്ചയായും അവൻ ഘോഷിക്കുകയായി
هَٰذَا لِي = ഇത് എനിക്കുള്ളതാണ് (ഞാൻ അർഹിക്കുന്നതും അവകാശപ്പെട്ടതും തന്നെയാകുന്നു)
وَمَا أَظُنُّ السَّاعَةَ قَائِمَةً = ആ സമയം (ഉയിർത്തെഴുന്നേൽപ്) നിലവിൽ വരുന്നതാണെന്ന് (സംഭവിക്കുമെന്ന്) ഞാൻ കരുതുന്നില്ല
وَلَئِن رُّجِعْتُ = അഥവാ, ഞാൻ മടക്കപ്പെട്ടുവെങ്കിൽ (തിരിച്ചയക്കപ്പെട്ടാൽ തന്നെ)
إِلَىٰ رَبِّي = എന്റെ വിധാതാവിങ്കലേക്ക്
إِنَّ لِي عِندَهُ = തീർച്ചയായും അവങ്കൽ(ലും) എനിക്കുണ്ട് (ണ്ടാവുക)
لَلْحُسْنَىٰ = ഏറ്റം വിശിഷ്ടമായത് തന്നെ (വിശിഷ്ടമായ പരിണതി തന്നെയാണ്)
فَلَنُنَبِّئَنَّ الَّذِينَ كَفَرُوا = (അപ്പോൾ) സത്യം(-ധർമങ്ങൾ) നിഷേധിച്ചവർക്ക് നാം പറഞ്ഞു കൊടുക്കും
بِمَا عَمِلُوا = അവർ(ഭൗതിക ജീവിതത്തിൽ) എന്താണ് പ്രവർത്തിച്ചിരുന്നതെന്ന്
وَلَنُذِيقَنَّهُم = അവരെ നാം രുചിപ്പിക്കുക തന്നെ ചെയ്യും
مِّنْ عَذَابٍ غَلِيظٍ = പരുഷ(അതിരൂക്ഷ)മായ ശിക്ഷയാൽ

മനുഷ്യവർഗത്തെയാകെ ഉൾക്കൊള്ളുന്ന പദമാണ് الْإِنسَان . ഇവിടെ മുഖ്യമായും ഉദ്ദേശിച്ചിട്ടുള്ളത്, പ്രവാചകനെയും വേദത്തെയും തള്ളിപ്പറയുകയും ലോകാവസാനം എന്നൊന്നുണ്ടെങ്കിൽ അതു വേഗം ഇങ്ങു കൊണ്ടുവന്നാട്ടെ എന്നു പരിഹസിക്കുകയും ചെയ്യുന്ന അവിശ്വാസികളെയാണ്. دعاء ന്റെ പ്രഥമവും പ്രധാനവുമായ അർഥം പ്രാർഥനയാണെങ്കി

ലും തേട്ടം, ആവശ്യം, ആഗ്രഹം തുടങ്ങിയ അർഥങ്ങളിലും പ്രയോഗിക്കും. 'തേട്ടം' ആണ് ഇവിടെ ഉദ്ദേശ്യം. يأس-ന്റെ അത്യുക്തിയാണ് يؤس- ഏറ്റം നിരാശൻ. يأس-ന്റെ പര്യായമാണ് قُنُوط. അതിൽനിന്നുള്ള قَانِط-ന്റെ അത്യുക്തിയാണ് قَنُوط. السَّاعَةَ (ആ സമയം) ഉയിർത്തെഴുന്നേൽപാണ്. حَسَن-ന്റെ അത്യുക്തിയാണ് حسنى. ഇതിനു മുമ്പിൽ العاقبة എന്നോ الحالة എന്നോ المعاملة എന്നോ അനുക്തമായിട്ടുണ്ട്. വിശിഷ്ടമായ പരിണതി, അല്ലെങ്കിൽ പെരുമാറ്റം.

സൂക്തസാരം: അല്ലാഹുവിനെയും അവന്റെ ധർമശാസനകളെയും പരലോകത്തെയും നിഷേധിക്കുന്ന മനുഷ്യന്റെ സ്വഭാവം വിചിത്രമാണ്. ഭൗതിക സൗഭാഗ്യങ്ങൾ തേടുന്നതിൽ അവൻ ഒരിക്കലും മടുക്കുന്നില്ല. എത്ര കിട്ടിയാലും പിന്നെയും പിന്നെയും അതിന്റെ വളർച്ചയും വികസനവും തേടിക്കൊണ്ടേയിരിക്കും. ഒരു നബിവചനം ഈ മനുഷ്യസ്വഭാവത്തെ വർണിക്കുന്നു:

لو أن لابن آدم واديين من ذهب لأحبّ لهما ثالثا ولو ان له ثلاثة لأحبّ لهما رابعا ولا يملأ عين ابن آدم إلا التراب

(മനുഷ്യ പുത്രന് സ്വർണത്തിന്റെ രണ്ടു താഴ്വരകളുണ്ടെങ്കിൽ തീർച്ചയായും മൂന്നാമത്തേത് മോഹിച്ചുകൊണ്ടിരിക്കും. മൂന്നെണ്ണമുണ്ടെങ്കിൽ തീർച്ചയായും നാലമത്തേതു മോഹിക്കും. മണ്ണല്ലാതെ മറ്റൊന്നും മനുഷ്യ പുത്രന്റെ കണ്ണു നിറക്കുകയില്ല). وَإِنَّهُ لِحُبِّ الْخَيْرِ لَشَدِيدٌ (തീർച്ചയായും മനുഷ്യൻ കൊടിയ സൗഭാഗ്യ കാംക്ഷി തന്നെയാകുന്നു) എന്ന് ഖുർആനും പ്രസ്താവിക്കുന്നുണ്ട്. ഈ നൈരാശ്യവും നിസ്സഹായതാ ബോധവും, സന്മാർഗ ഭ്രംശത്തിന്റെയും ദൈവനിഷേധത്തിന്റെയും അനിവാര്യതയാകുന്നു. وَمَن يَقْنَطُ مِن رَّحْمَةِ رَبِّهِ إِلَّا الضَّالُّونَ (സന്മാർഗ ഭ്രഷ്ടനല്ലാതെ ആരാണ് തന്റെ വിധാതാവിന്റെ കാരുണ്യത്തിൽ നിരാശനാവുക -15:56). إِنَّهُ لَا يَيْأَسُ مِن رَّوْحِ اللَّهِ إِلَّا الْقَوْمُ الْكَافِرُونَ(ദൈവനിഷേധികളല്ലാതെ ദൈവകാരുണ്യത്തിൽ നിരാശരാവുകയില്ല -12:87). നബി(സ) പ്രസ്താവിച്ചു: انتظار الفرج بعد الشدة عبادة (ദുരിതാവസ്ഥക്കു ശേഷം മോചനം പ്രതീക്ഷിക്കുന്നത് ഒരു ഇബാദത്താകുന്നു).

എന്നാൽ, ആഗ്രഹിക്കുന്ന പോലെ സൗഭാഗ്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുമ്പോൾ സൗഭാഗ്യ ദാതാവിനെ അവൻ അവഗണിക്കുന്നു. എല്ലാം താൻ പൂജിക്കുന്ന കൃത്രിമ ദൈവങ്ങളുടെ പ്രസാദമാണെന്ന് അവകാശപ്പെടുന്നു. അല്ലെങ്കിൽ തന്റെ അധ്വാനത്തിന്റെയും ആസൂത്രണത്തിന്റെയും മാത്രം ഫലമാണെന്നഹങ്കരിക്കുന്നു. അങ്ങനെയെങ്കിൽ അവന്ന് അത് എന്നെന്നും നിലനിർത്താനും വളർത്താനും കഴിയേണ്ടതാണ്. പക്ഷേ, അല്ലാഹു ഉദ്ദേശിച്ചാൽ ഏതു നിമിഷവും എല്ലാം നഷ്ടപ്പെടാം. അങ്ങനെ നഷ്ടപ്പെട്ടാലോ, ബഹുദൈവങ്ങളുടെ അനുഗ്രഹത്തിലും സ്വന്തം ആസൂത്രണ വൈഭവത്തിലും ഊറ്റംകൊണ്ടിരുന്നവനതാ നൈരാശ്യത്താലും നിസ്സഹായതയാലും അവശനായി ഭവിക്കുന്നു. തനിക്ക് ഉദാരമായി ദാനം ചെയ്ത അല്ലാഹു അവനുദ്ദേശിച്ചപ്പോൾ അതെല്ലാം തിരിച്ചെടുത്തുവെന്നും ഉദ്ദേശിച്ചാൽ ഇനിയും പൂർവോപരി സമൃദ്ധമായി നൽകാൻ അവനു കഴിയുമെന്നും കരുതി സമാധാനിക്കാനും അതിനുവേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കാനും അവനു സാധിക്കുന്നില്ല. അവൻ ആ നൈരാശ്യത്തിൽ തന്നെ ജീവിതം തുലക്കുന്നു.

ദുരിതങ്ങളും യാതനകളും അനുഭവിച്ച ശേഷം പിന്നീടെപ്പോഴെങ്കിലും അല്ലാഹു അവനോട് കരുണകാട്ടിയെന്നു വരാം. അങ്ങനെ ദൈവകാരുണ്യത്താൽ സൗഖ്യവും സമൃദ്ധിയും തിരിച്ചുകിട്ടിയാലും അവൻ അല്ലാഹുവിനോട് നന്ദിയുള്ളവനാവുകയില്ല. തന്റെ അധ്വാനശേഷി കൊണ്ടും ആസൂത്രണ വൈഭവം കൊണ്ടും എല്ലാം താൻ തിരിച്ചുപിടിച്ചു എന്നവകാശപ്പെടുകയാണവൻ ചെയ്യുക. അല്ലാതെ, അല്ലാഹുവും അവന്റെ കാരുണ്യവുമൊന്നുമല്ല എന്റെ വിജയത്തിനു നിദാനം; എന്റെ തന്നെ സാമർഥ്യമാണ്. നല്ല ബുദ്ധിയും വിവരവുമുള്ള ഞാൻ തികച്ചും അർഹിക്കുന്നതു തന്നെയാണീ വിജയം. എന്റെ ഇഛാനുസാരം എനിക്കീ സൗഭാഗ്യങ്ങൾ കൈകാര്യം ചെയ്യാം. അതിനു ദൈവത്തിന്റെ അഭീഷ്ടമോ ധർമശാസനയോ അന്വേഷിക്കേണ്ടതില്ല. എന്റെ കഴിവുകളും വിഭവങ്ങളും ഞാനിഛിക്കും പടി വിനിയോഗിക്കാൻ എനിക്കു സ്വാതന്ത്ര്യമുണ്ട്. ആരുടെ മുന്നിലും അതിന്റെ കണക്കുബോധിപ്പിക്കാൻ ഞാൻ ബാധ്യസ്ഥനല്ല. മരണാനന്തരം ഉയിർത്തെഴുന്നേൽപിക്കപ്പെടുകയും ഭൗതിക ജീവിതം വിചാരണ ചെയ്യപ്പെടുകയും ചെയ്യുന്ന ഒരവസരം ഉണ്ടാകുമെന്ന് ഞാൻ കരുതുന്നുമില്ല. അങ്ങനെ ഒരവസരം സമാഗതമാവുകയാണെങ്കിൽ തന്നെ ഈ ലോകത്ത് ലഭിച്ചതിലേറെ വിശിഷ്ടമായ സുഖസൗഭാഗ്യങ്ങളാണ് അല്ലാഹുവിങ്കൽ എനിക്കു ലഭിക്കുക. വിശ്വാസങ്ങളും കർമങ്ങളും നന്നായതുകൊണ്ടാണല്ലോ എനിക്കിവിടെ സൗഭാഗ്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. അപ്പോൾ ഈ ലോകത്ത് വിശിഷ്ടനായി പരിഗണിക്കപ്പെട്ട ഞാൻ പരലോകത്തെത്തുമ്പോൾ തീർച്ചയായും കൂടുതൽ വിശിഷ്ടനായി പരിഗണിക്കപ്പെടുന്നതാണ്. ഈ ആശയം 18: 35,36-ൽ ഇങ്ങനെ അവതരിപ്പിച്ചിട്ടുണ്ട്:

مَا أَظُنُّ أَن تَبِيدَ هَٰذِهِ أَبَدًا ﴿٣٥﴾ وَمَا أَظُنُّ السَّاعَةَ قَائِمَةً وَلَئِن رُّدِدتُّ إِلَىٰ رَبِّي لَأَجِدَنَّ خَيْرًا مِّنْهَا مُنقَلَبًا ﴿٣٦﴾

(ഈ സൗഭാഗ്യങ്ങൾ എപ്പോഴെങ്കിലും നശിച്ചു പോകുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇനി ഞാനെന്റെ റബ്ബിങ്കലേക്കു തിരിച്ചയക്കപ്പെട്ടാൽ തന്നെ ഇവിടത്തെക്കാൾ വിശിഷ്ടമായ പരിണതിയാണ് എനിക്കവിടെ ലഭിക്കുക).

എന്നാൽ, ആകസ്മികമായ അപകടങ്ങളും അത്യാഹിതങ്ങളും നേരിടുന്ന സന്ദിഗ്ധ ഘട്ടങ്ങളിൽ ദൈവധിക്കാരികളും അഹങ്കാരികളുമെല്ലാം സാക്ഷാൽ ദൈവത്തെ പ്രാർഥിക്കുമെന്ന് 31:32, 10:12, 22 സൂക്തങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നു. വിശദീകരണം പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക.

സത്യധർമങ്ങൾ നിഷേധിച്ചു വാണ ഇത്തരം ആളുകൾ യഥാർഥത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്നതും അതിന്റെ പ്രചോദനവും ലക്ഷ്യവും എന്തായിരുന്നുവെന്ന് ഉയിർത്തെഴുന്നേൽപുനാളിൽ അല്ലാഹു അവർക്കു വിശദീകരിച്ചുകൊടുക്കും. അപ്പോൾ അതൊന്നും നിഷേധിക്കാനോ നിരപരാധിത്വം ബോധിപ്പിക്കാനോ ആർക്കുമാവില്ല. അനന്തരം അല്ലാഹു അവരെ വളരെ കൊടൂരമായി ശിക്ഷിക്കുകയും ചെയ്യും. പരുഷമായതും ഉറപ്പേറിയതുമാണ് غَلِيظ. അതു ശിക്ഷയുടെ വിശേഷണമായി വരുമ്പോൾ കൊടൂരമായ, നിഷ്ഠുരമായ എന്നർഥമാകുന്നു. ●

وَإِذَآ أَنْعَمْنَا عَلَى ٱلْإِنسَٰنِ أَعْرَضَ وَنَـَٔا بِجَانِبِهِۦ وَإِذَا مَسَّهُ ٱلشَّرُّ فَذُو دُعَآءٍ عَرِيضٍ ﴿٥١﴾

51. മനുഷ്യന് നാം സൗഭാഗ്യമരുളുമ്പോൾ അവൻ നമ്മെ അവഗണിക്കുകയും അഹങ്കരിക്കുകയും ചെയ്യുന്നു. ദോഷം ബാധിച്ചാലോ നീണ്ട പ്രാർഥനയിലേർപ്പെടുന്നു.

**51**

وَإِذَا أَنْعَمْنَا عَلَى الْإِنسَانِ = മനുഷ്യന് നാം ഔദാര്യം അരുളുമ്പോൾ أَعْرَضَ = അവൻ അവഗണിച്ചു(ണിക്കുന്നു)

وَنَأَىٰ بِجَانِبِهِ = തന്റെ വശംകൊണ്ട് അകലുകയും (അഹങ്കരിക്കുകയും) ചെയ്യുന്നു

وَإِذَا مَسَّهُ الشَّرُّ = ദോഷം, ദൗർഭാഗ്യം സ്പർശിച്ചാൽ (ബാധിച്ചാലോ)

فَذُو دُعَاءٍ عَرِيضٍ = അപ്പോൾ അവൻ വീതിയേറിയ പ്രാർഥനയുടയവൻ ആകുന്നു (നീണ്ട പ്രാർഥനയിലേർപ്പെടുന്നു)

نَأْيٌ അകൽച്ചയും جانب വശവുമാണ്. വശംകൊണ്ട് അകന്നു എന്നാണ് نَأَىٰ بِجَانِبِهِ-യുടെ വാക്കർഥം. അഹന്തയോടെ അവഗണിച്ചു, അകന്നുമാറി, പാർശ്വവൽക്കരിച്ചു എന്ന ആശയത്തിലുള്ള പ്രയോഗമാണിത്. ഇതേ അർഥത്തിൽ تَوَلَّىٰ بِرُكْنِهِ എന്നും ثاني عطفه എന്നും പറയാറുണ്ട്. الْإِنسَانِ കൊണ്ട് ഇവിടെ ഉദ്ദേശ്യം മനുഷ്യവർഗം പൊതുവിലാണ്. ഒരു നേട്ടം -അത് സമ്പത്താവാം, അധികാരമാവാം, സ്ഥാനമാനങ്ങളാവാം, വിജ്ഞാനമാവാം, സാഹിത്യ-കലാ ശാസ്ത്രാദി പ്രതിഭകളാവാം- സാധാരണയിൽ കവിഞ്ഞ് ലഭിക്കുമ്പോൾ, എല്ലാം തന്റെ മഹത്വംകൊണ്ടും കഴിവുകൊണ്ടും മാത്രം താൻ തന്നെ ഉണ്ടാക്കിയെടുത്തതാണെന്ന് ഭ്രമിക്കുകയും ആ അനുഗ്രഹത്തിന്റെ ദാതാവായ അല്ലാഹുവിനെ വിസ്മരിക്കുകയും തനിക്കുള്ള കഴിവ് ഇല്ലാത്തവരെ തരംതാണ പതിതരായി കാണുകയും ചെയ്യുക മനുഷ്യരുടെ പൊതു ദൗർബല്യമാണ്. വാസ്തവത്തിൽ അല്ലാഹുവിന്റെ ഔദാര്യവും സമ്മാനവും -انعام- ആണ് മനുഷ്യന്റെ എല്ലാ നേട്ടങ്ങളും. ചെറുതും വലുതുമായ ഏതു സൗഭാഗ്യവും നേടിയെടുക്കുന്നതിന് ലഭിച്ച സാഹചര്യം മാത്രമല്ല, തന്നെത്തന്നെയും സൃഷ്ടിച്ചവനാണ് അല്ലാഹു. ഈ യാഥാർഥ്യത്തെ പാർശ്വവൽക്കരിക്കുന്നവർക്കേ സ്വന്തം വിഭവങ്ങളിൽ അതിരുവിട്ട് അഹങ്കരിക്കാനും വിഭവശേഷി കുറഞ്ഞവരെ തരം താണവരായി കാണാനും കഴിയൂ. അല്ലാഹുവിൽ സജീവമായ വിശ്വാസവും അവന്റെ അനുഗ്രഹങ്ങളോട് നന്ദിവികാരവുമുള്ളവർക്ക് ഈ ആത്മവഞ്ചനയിൽനിന്ന് രക്ഷപ്പെടാൻ കഴിയുന്നു.

വിഭവ സമൃദ്ധിയിൽ ദൈവത്തെ മറന്ന് അഹങ്കരിച്ച് അഭിരമിക്കുന്നവർക്ക് ആ സമൃദ്ധി നഷ്ടപ്പെടുകയും ദുരിതം ബാധിക്കുകയും ചെയ്താൽ ദൈവത്തെ ഓർക്കുകയും അവനോട് നിരന്തരം പ്രാർഥിക്കുകയും ചെയ്യുന്നു. വീതിയുള്ളതാണ് ഭാഷയിൽ عريض. യാതനകളും വേദനകളും വിസ്തരിച്ചു ബോധിപ്പിച്ചു നിരന്തരം പ്രാർഥിച്ചുകൊണ്ടിരിക്കുന്നവനാണ് ذو دعاء عريض. ചിലപ്പോൾ അല്ലാഹു ആ പ്രാർഥന സ്വീകരിച്ചെന്നും അനുഗ്രഹിച്ചെന്നും വരും. ചിലയാളുകളിൽ അനുഗ്രഹലബ്ധി വിശ്വാസവും ഭക്തിയും വർധിപ്പിക്കുന്നു. മറ്റു ചിലരോ, ആവശ്യം സാധിച്ചുകഴിഞ്ഞാൽ അല്ലാഹുവിനെ മറന്നുകളയുന്നു. ചിലരുടെ പ്രാർഥന അല്ലാഹു സ്വീകരിക്കുകയില്ല. അവരിൽ ചിലർ അല്ലാഹുവിലേക്കു മടങ്ങുകയും അവന്റെ അനുഗ്രഹത്തിൽ പ്രതീക്ഷയർപ്പിക്കുകയും ചെയ്തുകൊണ്ട് പ്രാർഥന തുടരുന്നു. ആ പ്രാർഥനക്ക് പരലോകത്ത് പ്രതിഫലം ലഭിക്കുകയും ചെയ്യും. ചിലരാകട്ടെ ഏറക്കാലം പ്രാർഥിച്ചിട്ട് ഫലിക്കാതിരുന്നതിനാൽ പരമ നിരാശർ -يؤس قنوط- ആയിത്തീരുന്നു. അതാവട്ടെ നന്ദികേടിനും ദൈവനിഷേധ -كفر- ത്തിനും തുല്യമാകുന്നു. അനുഗ്രഹ സൗഭാഗ്യങ്ങളുടെ അവസ്ഥയിൽ അതു നൽകിയ അല്ലാഹുവിനോട് നന്ദിയും കൂറും പുലർത്തുകയും പരീക്ഷണങ്ങൾക്ക് വിധേയരാകുമ്പോൾ അവന്റെ കാരുണ്യത്തിൽ പ്രതീക്ഷയർപ്പിച്ച് ക്ഷമയോടെ നേരിടുകയുമാണ് സത്യവിശ്വാസികളുടെ ചര്യ. ●

VISION 2026®
Creating Partnership with the needy

'വിഷൻ' വിവിധ സംസ്ഥാനങ്ങളിൽ നടത്തിവരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഏകോപനവും മേൽനോട്ടവും നിർവ്വഹിക്കുവാൻ പ്രാപ്തരായവരിൽനിന്നും 'സീനിയർ മാനേജർ–എഡ്യുക്കേഷൻ' തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.

**ബിരുദാനന്തര ബിരുദം, ബി.എഡ്., സ്ഥാപന നടത്തിപ്പിൽ 10 വർഷത്തെ പരിചയം എന്നീ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.**

യോഗ്യതയും മുൻപരിചയവും പരിഗണിച്ച് മികച്ച ശമ്പളം ലഭിക്കും.

അപേക്ഷകൾ ആഗസ്റ്റ് 10–നകം
ഇമെയിൽ അയക്കുക
jobs@hwfindia.org

HUMAN WELFARE FOUNDATION
Human Welfare Foundation
E-89, AFE, Jamia Nagar, Okhla, New Delhi